# എന്റെ ഓർമകളിലൂടെ

അച്ഛന്റെ സ്ഥാനക്കയറ്റത്തിന്റെ ഭാഗമായിട്ടാണ് തൃശ്ശൂർ ജില്ലയിലെ പീച്ചിയിൽ എത്തിച്ചേർന്നത്. അന്നെനിക്ക് 7 വയസ്സ്. മറ്റൊരു സ്കൂളിലെ കൂട്ടുകാരികളെ പിരിഞ്ഞതിൽ അതിയായ ദുഃഖമുണ്ടായിരുന്നെനിക്ക്. എന്റെ സങ്കടം മനസ്സിലാക്കിയതു കൊണ്ടായിരിക്കണം ജില്ലയിലെ ഏറ്റവും നല്ല സ്കൂൾ തന്നെ മകൾക്കായി കണ്ടെത്തണമെന്ന നിർബന്ധത്തിലായിരുന്നു അച്ഛൻ. അച്ഛന്റെ പ്രിയ സുഹൃത്ത് രാധാകൃഷ്ണേട്ടന്റെ നിർദ്ദേശപ്രകാരം ഗവ. എൽ.പി. സ്കൂൾ പീച്ചിയിൽ എത്തിച്ചേർന്നു അവിടെ എന്നെ സ്വീകരിച്ചത് മണി ടീച്ചർ ആയിരുന്നു. മാതൃസ്നേഹം നിറഞ്ഞു തുളുമ്പുന്ന മണിടീച്ചറെ എല്ലാവർക്കും ഇഷ്ടമായിരുന്നു. അവരെക്കാളേറെ എനിക്കും. നല്ല ഒരു അധ്യാപിക എന്നതിലുപരി ഒരു അമ്മയായിരുന്നു മണിടീച്ചർ. നാലാംക്ലാസ് എത്തിയപ്പോഴേക്കും നല്ലൊരു സുഹൃദ്വലയം തന്നെ എനിക്ക് ലഭിച്ചു. നാലാം ക്ലാസിലെ ഗോപാലൻമാസ്റ്റർ ഇന്നും എന്റെ മനസ്സിലെ ഏറ്റവും നല്ല അധ്യാപകനാണ് ഏറ്റവും നല്ല അധ്യാപകനെ സ്വന്തം മകൾക്ക് നൽകിയതിന്റെ അഭിമാനവും, സന്തോഷവും അച്ഛന്റെ മുഖത്തു നിന്ന് വായിക്കാൻ കഴിയുമായിരുന്നു. എക്കാലവും ഏറ്റവും നല്ല പ്രശസ്തരായ അധ്യാപകരെ ലഭിക്കാൻ അനുഗ്രഹീതമായ വിദ്യാലയമാണ് എന്റെ ഈ വിദ്യാലയം. ഇന്നും ജില്ലയിലെ ഏറ്റവും യോഗ്യരായ, മാതൃകയാക്കേണ്ട അധ്യാപകരുടെ സേവനം ഈ വിദ്യാലയത്തിലുണ്ട്. അതുതന്നെയാണ് പ്രൈമറി അധ്യാപികയായി ഈ വിദ്യാലയത്തിൽ എത്തിച്ചേരാൻ എന്നെ ആകർഷിച്ച പ്രധാന ഘടകം. കൂടുതൽ പഠന സൗകര്യങ്ങൾ സർക്കാർ കുട്ടികൾക്കായി ഒരുക്കുന്ന ഈ കാലഘട്ടത്തിൽ വീണ്ടുമീ വിദ്യാലയത്തിലെ വിദ്യാർത്ഥിയാവാൻ മോഹം.

ചിത്ര. എ അധ്യാപിക
ജി. എൽ. പി. എസ് പീച്ചി